**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3134. 13.07.2015 ൽ മറുപടിയ്ക്ക്.**

## മോട്ടോർ വാഹന വകുപ്പിലെ ഓൺലൈൻ സംവിധാനം.

| | ചോദ്യം<br>ശ്രീ.ജോസഫ് വാഴയ്ക്കൻ,<br>ശ്രീ. എ.റ്റി. ജോർജ്,<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ,<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | മോട്ടോർ വാഹന വകുപ്പിൽ നികുതികളും മറ്റും ഓൺലൈനായി അടയ്ക്കാനുള്ള സംവിധാനത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; | (എ) | മോട്ടോർ വാഹന വകുപ്പിൽ 19 സേവനങ്ങൾക്ക് ഓൺലൈനായി പണമടയ്ക്കുന്നതിനുള്ള സംവിധാനം നിലവിൽ ഉണ്ട്. കൂടാതെ പുതുതായി രജിസ്റ്റർ ചെയ്യുന്ന നോൺ - ട്രാൻസ്പോർട്ട് വാഹനങ്ങളുടെ നികുതിയും ഓൺലൈനായി അടയ്ക്കാവുന്നതാണ്. എല്ലാത്തരം വാഹനങ്ങളുടേയും നികുതി ഓൺലൈനായി അടയ്ക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇതുമായി ബന്ധപ്പെട്ട സോഫ്റ്റ്‌വെയർ തയ്യാറാക്കിവരുന്നു. |
| (ബി) | ഇത് വഴി എന്തെല്ലാം ഉദ്ദേശ ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കാമോ ; | (ബി) | മോട്ടോർവാഹന വകുപ്പിന്റെ സേവനങ്ങൾ ആവശ്യമായി വരുന്ന പൊതുജനങ്ങൾക്ക് സൗകര്യപ്രദമായും, ഓഫീസുകളിൽ പോകാതെയും അത്യാവശ്യ സർവ്വീസുകൾ ലഭ്യമാക്കുക, ഓഫീസുകളിലെ തിരക്ക് ഒഴിവാക്കുക എന്നീ ഉദ്ദേശ്യങ്ങളോടെയാണ് ഓൺ ലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത് ആരെല്ലാമാണ്; | (സി) | മോട്ടോർ വാഹന വകുപ്പിന് ഈ വിഷയത്തിൽ സാങ്കേതിക സഹായം നൽകുന്നത് എൻ.ഐ.സി (NIC)ആണ്. |
| (ഡി) | പ്രസ്തുത പദ്ധതി നിർവ്വഹണത്തിന് ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ? | (ഡി) | ഓൺലൈൻ ആയി അപേക്ഷാ ഫീസുകൾ, നികുതി എന്നിവ അടയ്ക്കുന്നതിനായി 26-08-2011 ലെ ജി.ഒ.(ആർ.ടി) നമ്പർ 387/2011/ട്രാൻസ് സർക്കാർ ഉത്തരവ് പ്രകാരം എസ്.ബി.ടി/എസ്.ബി.ഐ എന്നീ ബാങ്കുകളെ ഉൾപ്പെടുത്തി ഓൺലൈനായി ഫീസ്/ടാക്സ് എന്നിവ അടയ്ക്കുന്നതിനുള്ള അനുമതി നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.